(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ബി) ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി സ്വീകരിച്ചിട്ടുണ്ട്. പഴവങ്ങാടി പോലീസ് സ്റ്റേഷൻ ക്രൈം 96/97 യു/എസ് 324, 354 ഐ.പി.സി. കേസിൽ എസ്.സി/എസ്.റ്റി (പി.എ) ആക്ട് വകുപ്പുകൾ കൂട്ടി ചേർക്കാത്തതിന് എച്ച്. സി. 1844, ദിനേശൻ, എച്ച്. സി. 2345 ശിവപ്രസാദ് എന്നിവരുടെ വാർഷിക വേതന വർദ്ധനവ് അനുസൃതഫലത്തോടെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് ഉത്തരവായിട്ടുണ്ട്.

കേസ് ചാർജ്ജ് ചെയ്യാൻ നടപടി

96 (1031) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-8-1997 വൈകിട്ട് ഏഴരമണിക്ക് ഉള്ളൂർ പാലത്തിന് സമീപം വച്ച് കെ. എൽ. വി. 942 എന്ന രജിസ്ട്രേഷൻ നമ്പരുള്ള ജീപ്പ് കെ. ബി. ടി 7785 എന്ന രജിസ്ട്രേഷൻ നമ്പരുള്ള സ്കൂട്ടറിൽ ഇടിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ;

(ബി) ഈ സംഭവത്തിന്റെ ഫലമായി ആർക്കെല്ലാം പരിക്കേറ്റു ;

(സി) ഇതു സംബന്ധിച്ച് തിരുവനന്തപുരം ഒന്നാം ജൂഡീഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് മുൻപാകെ എന്ന് എഫ്.ഐ.ആർ ഫയൽ ചെയ്തു ;

(ഡി) പ്രസ്തുത കേസ് ചാർജ്ജ് ചെയ്തുവോ ; എങ്കിൽ എന്ന് ;

(ഇ) പ്രസ്തുത കേസ് ചാർജ്ജ് ചെയ്യാത്ത പക്ഷം അതിനുള്ള കാരണങ്ങൾ എന്തെല്ലാം ;

(എഫ്) കേസ് ചാർജ്ജു ചെയ്യാത്തതുകൊണ്ട് ഈ സംഭവത്തിൽ പരിക്കേറ്റവർക്ക് നഷ്ടപരിഹാരം ക്ലെയിം ചെയ്യാൻ സാധ്യമല്ലാതെ വന്നിട്ടുണ്ടോ ;

(ജി) ഈ കേസ് വിനാവിളംബം ചാർജ്ജ് ചെയ്യുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശിവൻ ചെട്ടിയാർ മകൻ മുരാരി, മൈതീൻപിച്ച മകൻ മുഹമ്മദ് ബഷീർ എന്നിവർക്ക് പരിക്കേറ്റു.

(സി) 11-08-1997-ൽ

(ഡി & ഇ) കൃത്യത്തിൽ ഉൾപ്പെട്ട വാഹനം കണ്ടുപടിക്കുവാനോ പ്രതിയെ അറസ്റ്റു ചെയ്യുവാനോ കഴിഞ്ഞിട്ടില്ലാത്തതിനാൽ പ്രസ്തുത കേസ് ചാർജ് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ് & ജി) വിനാവിളംബം ഈ കേസ് ചാർജ് ചെയ്ത് നടപടി സ്വീകരിക്കുന്നതിന് ട്രാഫിക് പോലീസിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

മോഷണങ്ങൾ

97 (1032) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റിന്റെ കാലത്ത് എത്ര മോഷണങ്ങൾ നടന്നു ; എത്ര മോഷണ ശ്രമങ്ങൾ നടന്നു ;

(ബി) ഈ കാലത്ത് എത്ര കൊള്ളകൾ നടന്നു ; ഇവയിൽ സംഘടിത കൊള്ളകൾ, പെരുവഴി കൊള്ളകൾ, പട്ടാപ്പകൽ കൊള്ളകൾ, കവർച്ചകൾ എന്നിവയുടെ കണക്ക് ഇനം തിരിച്ച് നൽകുമോ ?

ഉത്തരം

(എ) 24477 മോഷണങ്ങളും 1392 മോഷണശ്രമങ്ങളും

(ബി) കൊള്ള - 749, സംഘടിത കൊള്ള 156, പെരുവഴിക്കൊള്ള 77, പട്ടാപ്പകൽകൊള്ള 234, കവർച്ച 2122.

തമിഴ്നാട്ടിൽ നിന്നുള്ള മോഷണസംഘം

98 (1033) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട്ടിൽനിന്നുള്ള മോഷണസംഘം തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് വീടുകളിൽ പകൽമോഷണം നടത്തി തിരിച്ച് പോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് അവസാനിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരം പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള പകൽ മോഷണങ്ങളിലെ പ്രതികളെ കണ്ടുപിടിക്കുന്നതിന് സിറ്റി പോലീസ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ഡി) അടുത്ത കാലത്ത് ഇത് സംബന്ധമായി എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര കേസുകൾ തെളിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ ; ഈ പ്രതികൾ തമിഴ് നാട്ടുകാരാണോ ; ഇനി എത്ര പ്രതികളെ കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ ; ഇതിനായി പ്രത്യേക പോലീസ് സംഘം അന്വേഷണം നടത്തി വരുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഇ) തിരുവനന്തപുരം ജില്ലയിലെ അതിർത്തി പ്രദേശങ്ങളായ ഇടവ, വർക്കല തുടങ്ങിയ സ്ഥലങ്ങളിൽ മോഷണം അവസാനിപ്പിക്കുന്നതിന് വർക്കല പോലീസ് അധികൃതർ എന്ത് നടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly